12946
13/6/17

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - മൂന്നാംതരം ഓവർസീയർ ശ്രീ. ബൈജു. സി.കെയുടെ മുൻകാല സർക്കാർ സർവ്വീസ് കണക്കിലെടുത്ത് മുനിസിപ്പൽ കോമൺ സർവ്വീസിൽ ശമ്പള സംരക്ഷണത്തിന് പരിഗണിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യു) വകുപ്പ്

സ.ഉ. (സാധാ) നം.1870/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 06/06/2017

---

പരാമർശം:- 1. സ.ഉ(എം.എസ്)നം.162/87/തസ്വഭവ തീയതി 13.07.1987.
2 സ.ഉ(എം.എസ്)നം.211/2006/തസ്വഭവ തീയതി 12.09.2006.
3 ശ്രീ. ബൈജു. സി.കെയുടെ 23.05.2016 ലെ അപേക്ഷ
4 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 09.02.2017 ലെ ഇ 6/4402/15/സി.ഇ/തസ്വഭവ നമ്പർ കത്ത്.

## ഉത്തരവ്

തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിംഗിലെ മൂന്നാംതരം ഓവർസീയർ ശ്രീ ബൈജു. സി.കെ കേരള ഫയർ സർവ്വീസിലെ തന്റെ മുൻകാല സർവ്വീസും ശമ്പളവും സംരക്ഷിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് പരാമർശം(3) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

11.11.1996 ന് കേരള ഫയർ സർവ്വീസിൽ ഫയർമാൻ ട്രെയിനിയായി ജോലിയിൽ പ്രവേശിച്ച ശ്രീ. ബൈജു 8.12.2003 AN ന് പ്രസ്തുത സർവ്വീസിൽ നിന്നും വിട്ടുതൽ ചെയ്ത് 9.12.2003 FN ന് കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ വർക്ക് സൂപ്രണ്ട് ഗ്രേഡ് III ആയി ജോലിയിൽ പ്രവേശിക്കുകയുണ്ടായി. സർക്കാർ സർവ്വീസിൽ നിന്ന് മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് മാറിവരുന്നവർക്ക് മുൻകാല സർവ്വീസും ശമ്പളവും സംരക്ഷിച്ച് നൽകുന്ന പരാമർശം(1) ഉത്തരവിന് 31/03/1984 മുതൽ മുൻകാല പ്രാബല്യമുള്ളതിനാലും ശ്രീ ബൈജു മുനിസിപ്പൽ കോമൺ സർവ്വീസിൽ ജോലിയിൽ പ്രവേശിച്ചത് ( 9.12.2003 FN ന്) ടി ഉത്തരവ് റദ്ദ് ചെയ്ത് കൊണ്ടുള്ള പരാമർശം(2) ഉത്തരവിന് മദ്ധ്യേ ആയതിനാലും ടിയാന്റെ മുൻകാല സർക്കാർ സർവ്വീസ് കണക്കിലെടുത്ത് മുനിസിപ്പൽ കോമൺ സർവ്വീസിൽ ശമ്പള സംരക്ഷണത്തിന് അർഹതയുണ്ട്.

മേൽ സാഹചര്യത്തിൽ, തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിംഗിലെ മൂന്നാംതരം ഓവർസീയർ ശ്രീ. ബൈജു. സി.കെയുടെ കേരള ഫയർ സർവ്വീസിലെ മുൻകാല

സർവ്വീസ് കണക്കിലെടുത്ത് മുനിസിപ്പൽ കോമൺ സർവ്വീസിൽ ശമ്പള സംരക്ഷണത്തിന് പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീജിത്ത്. വി.പി**
അണ്ടർ സെക്രട്ടറി

1. ശ്രീ. ബൈജു. സി.കെ, മൂന്നാംതരം ഓവർസീയർ, കോട്ടയം മുനിസിപ്പാലിറ്റി (തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ മുഖേന)
2. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.(സേവന പുസ്തകം സഹിതം)
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
4. ധനകാര്യ വകുപ്പ്(05.05.2017 ലെ ഡെവ-4/88/2017/ധന പ്രകാരം)
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ